61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 — 7 കോഴിക്കോട്

Item Code: 950 Participant Code: 106

# അവൾ (?)

~~അവൻ~~

റിക്ഷയുടെ അരികുചേർന്ന് ഒടുക്കമില്ലാത്ത നഗരത്തിന്റെ ഊടുവഴിയിലേക്ക് അദ്ദേഹം പേരക്കുട്ടിയെ തോളിലേറ്റിക്കൊണ്ട് എത്തി നോക്കി; നരച്ച മുടിയിഴകൾ ഒന്നൊന്നായി വെയിലേറ്റ് തിളങ്ങി. അദ്ദേഹം ആരെയും തിരക്കുകയായിരുന്നില്ല. എന്നിട്ടും തിരക്കിനടയിൽ പേരക്കായകളും കറുത്ത മുന്തിരികളും വിൽക്കുന്ന മനുഷ്യനോട് വിലപേശി ചിണുങ്ങുന്ന അവനെ അദ്ദേഹം കണ്ടു. കരിനീല സാരിയിൽ അവൻ സുന്ദരിയായിരിക്കുന്നു! അവന്റെ ചലനത്തിനൊപ്പം ചിലക്കുന്ന കുപ്പിവളകളും പൊക്കമുള്ള ചെരുപ്പുകളും., നഗരത്തിന്റെ ഒത്തനടുക്ക് നഗരത്തിന്റെ എല്ലാ മിനുക്കുകളും ഏന്തി അവൻ നിൽക്കുമ്പോൾ, അദ്ദേഹം സ്വന്തം വഴി പറഞ്ഞ്, റിക്ഷയ്ക്കകത്തേക്ക് വലിഞ്ഞ് ഇരുന്നു.

* * * *

അവൻ വലിയ മഴമരങ്ങളുള്ള ഇടുക്ക് വഴിയിലൂടെ ഓടിയകലുന്നതിന് പതിനഞ്ച് വർഷം മുൻപ്, ഒരു വെൾമാസ രാത്രി ലൈബ്രേറിയൻ ~~[illegible]~~ ഹലാമത്തിനു ഭാര്യ ഉജ്‌രിക്കും പ്രധാനപ്പെട്ട ദിവസമായിരുന്നു. തന്റെ ആദ്യത്തെ കുഞ്ഞ് ആൺകുട്ടിയാണെന്നറിഞ്ഞതോടെ ഗ്രാമം മുഴുവൻ ജാംഗിരിയും ജിലേബിയും വിതരണം ചെയ്ത് ഹലാമത്ത് കുഞ്ഞിനെ മൂന്നാം മാസം തന്നെ ലൈബ്രറി കാണിക്കുവാൻ കൊണ്ടുപോയി. ഏഴാം മാസം കുട്ടി 'ഉപ്പാ' 'ഉമ്മാ' എന്നൊക്കെ വിളിക്കുവാൻ തുടങ്ങിയപ്പോൾ അവനു നഗരത്തിന്റെ പ്രധാനപ്പെട്ട മുസ്ലിം പള്ളികളും പുരാണിക കെട്ടിടങ്ങളും അദ്ദേഹം കാട്ടി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കൊടുത്തു. എപ്പോഴും ലൈബ്രറിയുടെ ചുമരുകൾക്കുള്ളിൽ, മാറാലക്കെട്ടുകൾക്കും ചിതലുകൾക്കുമിടയിൽ, വർഷങ്ങളോളം ഷെൽഫുകളിലിരുന്ന് മടുത്ത പുസ്തകങ്ങൾ, അവയുടെ ചേരു പിഴുതെടുത്ത് താളുകൾ മാറ്റി, സന്ധ്യ രാവാകുന്നതറിയാതെ, അലസനായിരിക്കുന്ന സർ ഹലാമത്ത്, തന്റെ കുട്ടിക്കൊപ്പം നാടുനീളെ ഉന്മേഷത്തിൽ ചുറ്റിയടിക്കുന്നത് ഗ്രാമത്തിലുള്ളവരും ചന്തയിലുള്ളവരും ഒരുപോലെ ആസ്വദിച്ചു; കുഞ്ഞിങ്ങനെ വളർന്നു വലുതാകുന്നത് അവർ ആകാംക്ഷയോടെ നോക്കി നിന്നു.

ഹലാമത്തിന് നാട്ടിൽ വലിയ സ്ഥാനമായിരുന്നു. കൃഷിക്കാരും സത്രസൂക്ഷിപ്പുകാരും കച്ചവടക്കാരും തിങ്ങി പാർത്ത നാട്ടിൽ, എഴുതാനും വായിക്കാനുമറിയുന്നവർക്കെല്ലാം വലിയ സ്ഥാനമാണ്. ഹലാമത്തിന് മൂന്നു നാട്ടുഭാഷകളും രണ്ട് ഫോറിൻ ഭാഷകളും അറിയാമെന്നത്, അദ്ദേഹത്തെ നാട്ടിലെ പണ്ഡിതന്മാരിൽ ഒരാളാക്കി. സുപ്രധാന ചടങ്ങുകളിലും തീരുമാനങ്ങളിലുമെല്ലാം ഹലാമത്തിന് കസേരയുണ്ടായിരുന്നു. ലൈബ്രറിയുടെ നീണ്ട ജനാലക്കരികിൽ ഉച്ചയുറക്കത്തിലായിരുന്നപ്പോഴാണ് അവന്റെ ഡാൻസ് മാസ്റ്റർ വന്നത്, കാലപ്പഴക്കം ചെന്ന കതക് വലിയ ശബ്ദത്തോടെ തുറന്നപ്പോൾ സർ ഹലാമത്ത് ഉണർന്നു. നീണ്ടു മെലിഞ്ഞ ഡാൻസ് മാസ്റ്റർ ഇരുമ്പു കസേരയിൽ, തെല്ലൊന്നു സംശയിച്ചു നിന്നതിനുശേഷം, തന്റെ സഞ്ചി കീഴെ വച്ച് ശാന്തനായിരുന്നു. "ഹലാമത്തേ, ഹസ്സന് അൽപം വാശിയാണ്. മൂത്ത കുട്ടിയല്ലേ, കൊഞ്ചിച്ചു വളർത്തിയതു കൊണ്ടാകാം. അവന് അരങ്ങേറ്റത്തിന് പെൺകുട്ട്യോളുടെ പോലുള്ള വസ്ത്രങ്ങൾ മതിയത്രെ. വലിയ കുമ്മക്ക

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ളും ചൊമപ്പ് പൊട്ടും ഒക്കെ വേണമെന്ന്. നൃത്തത്തിന് അഴക് കിട്ടാൻ അതൊക്കെ വേണമത്രെ. ഞാൻ എങ്ങിനാ കുട്ടിയെ തടയുക? താനൊന്നു പറഞ്ഞു മനസ്സിലാക്കു. കുട്ടി അതൊക്കെ ഇട്ടു ചെന്നാൽ നാട്ടുകാരെന്തു പറയും??" ഡാൻസ് മാസ്റ്റർ നടന്നകന്നപ്പോൾ സർ ഹലാമത്ത് കസേരയി-ൽ നീണ്ടു നിവർന്നു കിടന്നു. ആലോചിച്ചു. ഹസ്സനാണ് നൃത്തം പഠിക്കണമെന്ന് ആഗ്രഹം പറഞ്ഞത്. കൂടെയുള്ള കുട്ടികളോട് ചേരാതെ മാറി നിൽക്കുന്ന ഹസ്സന്റെ താൽപര്യത്തിന് തടസ്സം നിൽക്കേണ്ട എന്ന് നിർദ്ദേശിച്ചത് മൂത്ത സഹോദരനാണ്. ഒടുക്കമത് വിഷയമായി തീരും എന്ന് കരുതിയില്ല. ഹലാമത്ത് ആലോചിച്ചു. വീണ്ടുമാലോചിച്ചു. ~~[illegible]~~ ഇളയ സഹോദരി-കളും വസ്ത്രമണിഞ്ഞ് കൺമഷിയെഴുതി സീതയും മുംതാസുമായി അഭിനയിച്ചു രസിക്കുന്ന ഹസ്സനോട് എന്തെന്നില്ലാത്ത ഒരു ഈർഷ്യ ഹലാമത്തിന് തോന്നി.

അത്താഴവേളയിൽ പല തവണ ഹലാമത്ത് ഹസ്സനെ ഉപദേശിച്ചു. ഹലാമത്ത് വീരനായകന്മാരുടെ കഥാപുസ്തകങ്ങൾ മകന് വായിക്കുവാൻ കൊടുത്തു. എന്നിട്ടും വീടിന്റെ വളപ്പിലൂടെ വളകളണിഞ്ഞ് അനുജത്തി-മാർക്കൊപ്പം നൃത്തം ചെയ്യുന്ന മകനെ കണ്ടപ്പോൾ ഹലാമത്ത് വളരെ നേരം ചിന്തയിലാണ്ടു.

കൈതത്തോട്ടത്തിന്റെ വെട്ടിയൊരുക്കിയ മൺപാതയിലൂടെ സ്കൂൾവിട്ട് നിലവിളിച്ചുകൊണ്ടോടി വന്ന ഹസ്സൻ, പുസ്തകശാലയിൽ നിന്നും ഹലാമത്ത് തിരിച്ചെത്തിയിട്ടും കിടക്കയിൽ നിന്നെഴുന്നേറ്റതേയില്ല. സ്കൂളിലെ കുട്ടികൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ചിണുങ്ങി നടക്കുന്ന അവനെ 'ഹിജ്റ' എന്ന് വിളിച്ച് കളിയാക്കിയതാണെ-ന്ന് പിന്നീടറിഞ്ഞു. ഹലാമത്ത് അന്ന് രാത്രി മുഴുവൻ നക്ഷത്രങ്ങളെ നോക്കി മതിലിന് ചുറ്റും ഉലാത്തി. ഉറങ്ങി കിടക്കുന്ന ഗ്രാമവാസികളുടെ കുടിലുകൾ ഹലാമത്തിനെ ഭയത്തിലാക്കി, അവർ ഒരിക്കലും ഉണരരുതെ-ന്നും തന്റെ ദൗർബല്യങ്ങളോരോന്നും നോക്കികാണരുതേയെന്നും ഹലാമത്ത് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ദൈവത്തോട് ഒന്നും ചോദിച്ചിട്ടില്ലാത്ത ഹലാമത്ത് അന്ന് രാത്രി ദൈവത്തോട് കരുണക്കായി യാചിച്ചു.

ചൂട്ടുകാറ്റും കാക്കകളും. നിരത്തിലാകെ വാകപ്പൂക്കളും ബദാം കായ്കളും. മുറിക്കകത്ത് കിടക്കയിൽ കിടന്ന് നിലവിളിക്കുന്ന ഹസ്സൻ അദ്ദേഹത്തെ ഭ്രാന്ത് പിടിപ്പിച്ചു. "ഒച്ചവെക്കാതെയിരിക്കൂ." "ഞാൻ ഒച്ചവയ്ക്കുന്നില്ല. എന്റെ ചിലങ്കകളും വളകളുമാണ് ഒച്ചവയ്ക്കുന്നത്." "ഹസ്സൻ, മിണ്ടാതിരിക്കൂ!" "ഞാൻ ഹസ്സനല്ല. ലക്ഷ്മിയാണ്! എന്നെ എനിക്കിഷ്ടമില്ലാത്തത് വിളിക്കുന്നത് നിർത്തൂ!"

ഭ്രാന്തുപിടിച്ച് ക്രോധത്തോടെ മുറിയിലേക്ക് പാഞ്ഞെത്തിയ പിതാവ് മകനെ വീടിന് പുറത്തേയ്ക്കെറിഞ്ഞു. വീടിന് ചുറ്റും കൂടിയ നാട്ടാരുടെ ഇടയിലൂടെ നടന്നകലുന്നതിന് മുൻപ് 'അവൾ' തിരിഞ്ഞുനിന്നു. "തിരിച്ചുവരില്ല. എങ്കിലും ലൈബ്രേറിയൻ ഹലാമത്തിന്റെ മരിച്ചുപോയ മകളായി എന്നെ കാണുക."

* * * *

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പേരക്കുട്ടിയെ തോളിലേന്തി പലാമത്ത് നഗരത്തിന്റെ ഒത്ത നടുക്ക് റിക്ഷയിലിരുന്നു. പുറത്തേക്കെത്തി നോക്കി. പഴങ്ങൾ വിൽക്കുന്ന കടക്കാരനോട് വിലപേശുന്ന അവനെ കണ്ടു. റിക്ഷയ്ക്കുള്ളിലേക്ക് ചാഞ്ഞിരുന്നു.

"അവരാരാണു വല്യപ്പാ?"

"അവർ അവളാണ്. അവൾ ലക്ഷ്മിയാണ്. മഹാലക്ഷ്മി."

കുട്ടി ഏറ്റുപറഞ്ഞു; "ലക്ഷ്മി, മഹാലക്ഷ്മി"

* ——— *

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)